LIBRARY ARCHIVES Kerala Legislative Assembly

മണ്ണന്തല കുടപ്പനക്കുന്ന് ശുദ്ധജല പദ്ധതി

79 [1016] *ശ്രീ. കെ. മോഹൻ കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണന്തല-കുടപ്പനക്കുന്ന് പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനായി നിർമ്മിച്ച ടാങ്കുകളിൽനിന്നും പരിസര വാസികൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ടോ;

(ബി) പരിസരവാസികൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റും പദ്ധതിയും തലസ്ഥാന വികസനത്തിനായുള്ള എംപവേർഡ് കമ്മിറ്റിയുടെ 17-2-2005-ലെ യോഗത്തിൽ സമർപ്പിച്ചിരുന്നോ;

(സി) 17-2-2005-ൽ കൂടിയ കമ്മിറ്റി ഇതിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) മണ്ണന്തല-കുടപ്പനക്കുന്ന് പ്രദേശത്ത് ശുദ്ധജലം വിതരണം ചെയ്യുന്ന ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണമെന്ന് 2-6-2005-ൽ തിരുവനന്തപുരം നോർത്ത് എം.എൽ.എ. നൽകിയ നിവേദനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം മണ്ണന്തല-കുടപ്പനക്കുന്ന് മേഖലയിലെ ഉയർന്ന പ്രദേശങ്ങളിൽകൂടി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ തലസ്ഥാന വികസനത്തിനായുള്ള എംപവേർഡ് കമ്മിറ്റിക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കുറച്ചു പരിസരവാസികൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്.

(ബി) ജലഅതോറിറ്റി, എസ്റ്റിമേറ്റ് തീരപഥം സ്പെഷ്യൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) തീരുമാനം എടുക്കാതെ മാറ്റിവച്ചു.

(ഡി) എം.എൽ.എ. യുടെ കത്തിലെ നിർദ്ദേശപ്രകാരമുള്ള എസ്റ്റിമേറ്റ് വീണ്ടും തീരപഥം സ്പെഷ്യൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം ഉയർന്ന സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തീരപഥം സ്പെഷ്യൽ ഓഫീസർക്ക് സമർപ്പിക്കുവാൻ ജലഅതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്.